# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2394** **09.03.2018 ലെ മറുപടി**

## കുളങ്ങളും നീരുറവകളും സംരക്ഷിക്കുന്നതിന് സംവിധാനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ:** | | **മാത്യു ടി. തോമസ്** **(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ജലസമൃദ്ധമായിരുന്ന കേരളത്തിലെ നിരവധി കുളങ്ങളും ഉറവകളും വിവിധ കാരണങ്ങളാൽ നശിപ്പിക്കപ്പെട്ടത് ജലവകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) കുളങ്ങളും നീരുറവകളും വൃത്തിയാക്കി നവീകരിച്ച് സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രകൃതിദത്തമായ കുളങ്ങളും നീരുറവകളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനുള്ള പ്രവർ ത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഉപമിഷനുകളിൽ ഒന്നായ ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ ഭാഗമായി നിർവ്വഹിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സ്ഥായിയായ ജലസംരക്ഷണ ത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാ ടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. സമഗ്ര നീർത്തട പദ്ധതിയും ബ്ലോക്ക് പഞ്ചായത്ത് തല നീർത്തട മാസ്റ്റർപ്ലാനും തയ്യാറാക്കുന്ന തിനുള്ള സാങ്കേതിക സമിതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ രൂപീകരിച്ചു കഴിഞ്ഞു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ദ്ധരും, സന്നദ്ധ പ്രവർത്തകരുമ ടങ്ങുന്നതാണ് സാങ്കേതിക സമിതി. ഗ്രാമ പഞ്ചായത്ത് തലത്തിൽ ഓരോ വാർഡുകളിലെയും ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച്, ക്രോഡീകരിച്ച്, റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ |

മുകളിൽ നിന്നും താഴേക്ക്) അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ പട്ടികപ്പെടുത്തിയാണ് നീർത്തട പദ്ധതികൾ തയ്യാറാക്കുക.

(സി) നിലവിൽ കുളങ്ങളും നീരുറവകളും സംരക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) കുളങ്ങൾ/നീരുറവകൾ സംരക്ഷിക്കുന്നതിന് പ്രധാനമായും സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി മാലിന്യമുക്തമാക്കി, ആഴം കൂട്ടി സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനമാണ് ജലസേചനവകുപ്പ് മുഖേന നിർവ്വഹിക്കുന്നത്. ഇതിനു പുറമേ, തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, മണ്ണ് പര്യവേക്ഷണവും മണ്ണ് സംരക്ഷണവും വകുപ്പുകൾ മുഖേനയും ഇത്തരം സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 536 കുളങ്ങളുടെ സംരക്ഷണ പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്.

(ഡി) മേൽ സൂചിപ്പിച്ച കുളങ്ങളുടെ സംരക്ഷണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

(ഡി) ഹരിതകേരളം മിഷന്റെ ഭാഗമായി നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെയുമാണ് നടക്കുന്നത്. നീർത്തടപ്ലാൻ/മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലും ഇക്കാര്യം ഉറപ്പാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ